# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3235 — 14.07.2015-ൽ മറുപടിക്ക്

## റ്റി.കരുണാകരന് അനുവദിച്ച കടാശ്വാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മുന്നാട് വില്ലേജിൽ താമസിക്കുന്ന റ്റി.കരുണാകരൻ എന്നയാൾക്ക് കർഷക കടാശ്വാസ കമ്മീഷൻ അനുവദിച്ച കടാശ്വാസം G.O (M.S) No.264/10/AD/Dated 06.10.2010 ലെ ഉത്തരവ് പ്രകാരം (Application No.306706/08/AD) ഇതുവരെ ലഭ്യമാക്കി ടിയാന്റെ പ്രമാണം തിരികെ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം ശ്രീ. റ്റി.കരുണാകരൻ ടിയാന്റെ വിഹിതമായ 15000/- രൂപ 28.04.2010 ൽ ബാങ്കിൽ അടച്ച് പണയ ആധാരങ്ങൾ തിരികെ വാങ്ങിയിട്ടുണ്ട്. |
| (ബി) എങ്കിൽ കമ്മീഷൻ അനുവദിച്ച പ്രകാരമുള്ള തുക സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ബാങ്കിന് (കാസർഗോഡ്) നൽകിയിട്ടുണ്ടോ; | (ബി) നൽകിയിട്ടില്ല. |
| (സി) എങ്കിൽ തുക ഇതുവരെ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | (സി) ശ്രീ.റ്റി.കരുണാകരൻ ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 11.04.2005 ന് 25000/- രൂപ എം.ടി.എൻ.എ വായ്പയായും 06.01.2007 ൽ 25000/- രൂപ |

എസ്.റ്റി.എൻ.എ വായ്പയായും എടുത്തിരുന്നു. ടി വായ്പയ്ക്ക് കടാശ്വാസ കമ്മീഷന് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചതു പ്രകാരം ഹിയറിംഗ് നടക്കുമ്പോൾ രണ്ട് വായ്പകളിലുമായി മുതലും പലിശയുമായി 45300/- രൂപ ബാക്കി നിൽപുണ്ടായിരുന്നു. കടാശ്വാസ കമ്മീഷൻ 306706/08/എ.ഡി നമ്പർ അപേക്ഷയിന്മേൽ നൽകിയ അവാർഡിൽ 15000/- രൂപ വായ്പക്കാരൻ അടക്കുന്നതിനും 300/- രൂപ ബാങ്ക് ഇളവ് നൽകുന്നതിനും 30000/- രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തും ഉത്തരവായിരുന്നു. വായ്പക്കാരൻ 28.04.2010 ന് വായ്പക്കാരന്റെ വിഹിതം അടച്ചത് പ്രകാരം ടിയാന് അന്നേ ദിവസം തന്നെ പണയാധാരങ്ങൾ ബാങ്ക് തിരികെ നൽകിയിട്ടുണ്ട്.

സർക്കാർ ഏറ്റെടുത്ത ബാധ്യതയായ 30,000/- രൂപ 06.10.2010 ലെ ജി.ഒ.(എം.എസ്) 264/10/എ.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ടി തുകയുടെ അർഹത ഉറപ്പാക്കുന്നതിനുള്ള വകുപ്പുതല പരിശോധനയിൽ എം.ടി.എൻ.എ വായ്പ അവസാനിപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയതിനാലും എസ്.ടി.എൻ.എ വായ്പയിൽ ബാക്കി നിൽപ്പുള്ള കാര്യം ബാങ്ക് പരിശോധനാ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്താത്തതിനാലുമാണ് സർക്കാർ ആനുകൂല്യം ബാങ്കിന് അനുവദിച്ച് നൽകാതിരുന്നത്.

സെക്ഷൻ ഓഫീസർ